File No.TCPKTM/161/2021-C

"ഭരണഭാഷ-മാതൃഭാഷ"

## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയം ഭരണ വകുപ്പ്- പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്- കൊമേഴ്സ്യൽ കെട്ടിടനിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു

പരാമർശം : 1. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.01.21-ലെ A8-81902020 നമ്പർ കത്ത്.

2. വികാർ, സെന്റ് മേരീസ് ഫൊറോന ചർച്ച്, താഴത്തുപള്ളി, കടുത്തുരുത്തി- ടെ 06.03.2021 ലെ അപേക്ഷ.

---

ഉത്തരവ് നമ്പർ TCPKTM/161/2021-C/D.Dis തീയതി :**30/03/2021**

---

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കടുത്തുരുത്തി വില്ലേജിൽ, ബ്ലോക്ക് നമ്പർ 29-ൽ റീസർവ്വെ നമ്പർ 615/1, 615/16 എന്നിവയിൽപ്പെട്ട 4.5932 hec. ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്തിലെ 1.8672 hec. പുരയിടമായ സ്ഥലത്ത് നിലവിൽ കെട്ടിങ്ങളുള്ള പ്ലോട്ടിൽ 1361.75 ചതുരശ്ര മീറ്റർ built up area യുള്ള കൊമോഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് കെ .പി.ബി.ആർ-2019-ലെ ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ -ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. ഖര, ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ സ്ഥലത്ത് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
5. Sy No. 611/16- വെറ്റ് ലാൻറ് ആയി പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ടി ഭാഗത്ത് ചർച്ച് നിലനിൽക്കുന്നതായി കാണുന്നു. ടി ഭാഗത്തെ നിർമ്മാണത്തിന് അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

6. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.
7. ഓരോ ഉപയോഗത്തിനും ആവശ്യമായ പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോട്ടുകൂടിയതുമാണ് എന്നും, അവ ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
8. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
9. കെട്ടിടത്തിന്റെ എല്ലാഭാഗത്തും ചട്ടപ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ട പ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.
10. നിർദ്ദിഷ്ട സ്ഥലത്ത് വികസന/ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 2008 –ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ സർക്കുലറുകൾക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
11. കെ.പി.ബി.ആർ–2019 –നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി. അല്ല. കെ.പി.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്കു പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ.19/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

വികാർ, സെന്റ് മേരീസ് ഫൊറോന ചർച്ച് അഴുത്തുപള്ളി, കടുത്തുരുത്തി (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :
1. സെക്രട്ടറി
   കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്
2. അധികം –1